സഹകരണസംഘം രജിസ്ട്രാർ
ആഫീസ്, കേരള, തിരുവനന്തപുരം

നം. സി.ബി.(1) 26259/2006 തീയതി : 19.02.2007

## സർക്കുലർ നം: 16/2007

വിഷയം :- കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പ വിതരണം ചെയ്യുന്നത് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് - അപ്രകാരം വായ്പ വിതരണം ചെയ്യുന്നതിൽ പുലർത്തുന്ന അലംഭാവം - കർശന നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. നബാർഡിന്റെ 1.6.2006-ലെ എൻ.ബി.പി.സി.ഡി(ഐപിആർ) / 377/എ-1 ജന(ആർ പി) 2006-07-ാം നമ്പർ കത്ത്.

2. സഹകരണസംഘം രജിസ്ട്രാറുടെ 28/06, 35/06, 53/06, 1/07, 2/07 എന്നീ നമ്പർ സർക്കുലറുകൾ.

2006-2007 വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി രാജ്യത്തെ കർഷകർക്ക് 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശനിരക്കിൽ അധികരിക്കാതെ നൽകുന്നതാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(1) ലെ കത്തനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പലിശ നിരക്കുകൾ ചുവടെ പരാമർശിക്കുന്ന നിരക്കിൽ നിശ്ചയിച്ച് 1.7.2006 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 28/2006 നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

| ക്രമ നമ്പർ | വായ്പ തുക | സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ ബാങ്കുകളിൽ നിന്നും | ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളിൽ നിന്നും |
|---|---|---|---|---|
| 1 | 1 ലക്ഷം രൂപ വരെ | 2.75% | 3.25% | 5.5% |
| 2. | 1 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെ | 2.75% | 3.25% | 6% |

എന്നാൽ യൂണിയൻ ബഡ്ജറ്റിന്റെ പ്രഖ്യാപനം കണക്കിലെടുത്ത് 2006-2007 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വിതരണം ചെയ്ത ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% നിരക്ക് മാത്രമേ ഈടാക്കേണ്ടതുള്ളൂ എന്നതിനാൽ 2006-2007 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വിതരണം ചെയ്ത ഹ്രസ്വകാല കാർഷിക വായ്പകൾക്ക് താഴെപ്പറയുന്ന നിരക്കിൽ പലിശ ഈടാക്കുന്നതിന് 35/2006 നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുമുണ്ടായി.

| ക്രമ നമ്പർ | വായ്പ തുക | സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ ബാങ്കുകളിൽ നിന്നും | ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളിൽ നിന്നും |
|---|---|---|---|---|
| 1 | 1 ലക്ഷം രൂപ വരെ | 2.75% | 4.25% | 6.50% |
| 2. | 1 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെ | 2.75% | 4.25% | 7% |

എന്നാൽ കാർഷിക വായ്പയാണ്, വയനാട് ജില്ലാ സഹകരണ ബാങ്ക് നൽകുന്നതിൽ ഏറിയ പങ്കും എന്നതിനാലും കാസർഗോഡ് ജില്ലയെ വരൾച്ചാബാധിതമായ പ്രദേശമായി പ്രഖ്യാപിച്ചതിനാൽ കാർഷിക വായ്പകൾ കൂടുതലായി നൽകേണ്ടിവരുന്ന വസ്തുത കണക്കിലെടുത്തും ജില്ലാ സഹകരണ ബാങ്കിനും, പ്രാഥമിക സഹകരണ സംഘങ്ങൾക്കുമുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സംഘങ്ങളിൽ നിന്നും 4% നിരക്ക് ഈടാക്കുന്നതിനും, പ്രാഥമിക സംഘങ്ങൾ വായ്പയെടുത്തിട്ടുള്ള കൃഷിക്കാരനിൽ നിന്ന്, 50,000/- രൂപ വരെ 5.5%, 50000/- രൂപ മുതൽ 1 ലക്ഷം രൂപവരെ 6%, 1 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ 7% എന്നീ നിരക്കുകൾ നിശ്ചയിച്ച് വയനാട് ജില്ലയ്ക്കും കാസർഗോഡ് ജില്ലയ്ക്കും മാത്രമായി ബാധകമാക്കിക്കൊണ്ട് 1.7.2006 മുതൽ പ്രാബല്യം നൽകി 53/2006, 1/07 എന്നീ നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

എറണാകുളം, പാലക്കാട്, കോട്ടയം ജില്ലകൾക്ക് നബാർഡ് പുനർവായ്പ നൽകാത്തതിനാൽ കാർഷിക വായ്പ നൽകുന്നതു മൂലം ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനായി ടി 3 ജില്ലകൾക്കു മാത്രം ബാധകമായി 1.7.2006 മുതൽ പ്രാബല്യം നൽകി ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സംഘങ്ങളിൽ നിന്ന് 50000/- രൂപ വരെ 4%, 50001/- രൂപ മുതൽ 1 ലക്ഷം രൂപ വരെ 4.5%, 100001/- രൂപ മുതൽ 3 ലക്ഷം വരെ 5% നിരക്കിലും പ്രാഥമിക സംഘങ്ങൾ കൃഷിക്കാരിൽ നിന്ന് യഥാക്രമം 5.50%, 6%, 7% എന്നീ നിരക്കുകളിൽ ഈടാക്കാനും നിർദ്ദേശിച്ച് 2/2007 നമ്പർ സർക്കുലർ നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു.

കാർഷികോൽപ്പാദനം കൂട്ടുന്നതിനും, പരമാവധി കർഷകരെ സഹായിക്കുന്നതിനും, കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പകൾ എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിനും സഹകരണ മേഖല വഹിക്കേണ്ട പങ്കിന്റെ പ്രാധാന്യം പ്രത്യേകം വിശദീകരിക്കേണ്ടതില്ലെങ്കിലും, ചില പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും കാർഷിക വായ്പ നൽകുന്ന കാര്യത്തിലും, സ്വന്തം ഫണ്ടിൽ നിന്ന് നൽകിയ കാർഷിക വായ്പകൾക്കും, ജില്ലാ ബാങ്കിൽ നിന്ന് ലഭിച്ച പുനർവായ്പ ഉപയോഗിച്ച് നൽകിയ വായ്പകൾക്കും രജിസ്ട്രാർ നിശ്ചയിച്ചു നൽകിയ നിരക്കിനേക്കാളും അധികരിച്ച് പലിശ വാങ്ങുന്നതായും 1.4.2006 മുതൽ നൽകിയ വായ്പകൾക്ക് ചുമത്തിയിരുന്ന പലിശനിരക്ക് സൂചന സർക്കുലറുകൾ പ്രകാരം കുറഞ്ഞ പലിശനിരക്കിൽ പുനക്രമീകരിച്ച് നൽകുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു.

കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/സർവ്വീസ് സഹകരണ ബാങ്കുകളുടെ ഈ നടപടി യാതൊരു കാരണവശാലും അനുവദിക്കാൻ കഴിയില്ലെന്നും കേരള സഹകരണ നിയമം വകുപ്പ് 2(ഒ-എ) പ്രകാരം കാർഷിക വായ്പ വിതരണം മുഖ്യലക്ഷ്യമായി ഏറ്റെടുത്തിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് കാർഷിക വായ്പ നൽകാതിരിയ്ക്കുന്നതും, നൽകുന്ന വായ്പകൾ രജിസ്ട്രാർ നിശ്ചയിച്ച നിരക്കിൽ കൂടുതൽ പലിശ ഈടാക്കുന്നതും അതീവ ഗുരുതരമായി കാണുന്നുവെന്നും ഓർമ്മിപ്പിക്കുന്നു. കാർഷിക വായ്പ നൽകുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും / സർവ്വീസ് സഹകരണ ബാങ്കുകളും ആയത് ജില്ലാ ബാങ്ക് മുഖേന ലഭിയ്ക്കുന്ന വായ്പയാകട്ടെ സ്വന്തം ഫണ്ടാകട്ടെ 2006-2007 വർഷത്തിൽ നൽകിയ ഹ്രസ്വകാല കാർഷിക വായ്പകളെല്ലാം സൂചനയിലെ സർക്കുലറുകളിൽ പരാമർശിച്ച പലിശനിരക്കിൽത്തന്നെ നൽകേണ്ടതാണ്. കൂടിയ പലിശനിരക്ക് വാങ്ങിയതും, പലിശ പുതുക്കി നിശ്ചയിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യാത്ത സഹകരണ സംഘങ്ങൾ 5.3.2007-നകം തന്നെ പുതുക്കി നൽകുകയും പുനഃക്രമീകരിച്ച് നൽകേണ്ടതും ആണ്.

സഹകരണ സംഘം രജിസ്ട്രാറുടെ 79/2006 നമ്പർ സർക്കുലറിൽ കാർഷിക ആവശ്യത്തിന് കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പ കാർഷികേതരാവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുകയും കാർഷികേതര വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്കിൽ ടി വായ്പകൾക്ക് പലിശ ഈടാക്കാവുന്നതാണെന്ന് സംഘങ്ങൾ എഗ്രിമെന്റിൽ/ജാമ്യക്കടപ്പത്രത്തിൽ വ്യവസ്ഥ ഉൾപ്പെടുത്താവുന്നതാണെന്നും 79/2006 സർക്കുലറിന്റെ ഖണ്ഡിക 3-ൽ നിഷ്കർഷിച്ചിരുന്നു. അതിൻപ്രകാരം പരിശോധന നടത്തി കാർഷിക വായ്പ കാർഷികേതര ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിൽ അത്തരം വായ്പകൾക്ക് കാർഷികേതര വായ്പയ്ക്ക് ബാധകമായിട്ടുള്ള പലിശനിരക്ക് ചുമത്തേണ്ടതാണ്.

കേരള സഹകരണ നിയമം വകുപ്പ് 2(ഒ-എ) പ്രകാരമുള്ള ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി കൃഷി വായ്പ നൽകാതിരിയ്ക്കുകയും, നൽകുന്ന വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ച നിരക്കിൽ കൂടുതൽ പലിശ ഈടാക്കുകയും ചെയ്യുന്ന സഹകരണസംഘങ്ങൾക്ക് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആയി പ്രവർത്തിക്കാൻ നിയമാനുസൃതം വ്യവസ്ഥയില്ലാത്തതിനാൽ അത്തരം സംഘങ്ങളെ നിയമാനുസൃതമായി നടപടി സ്വീകരിച്ച് കേരള സഹകരണ ചട്ടം 15 പ്രകാരം കാർഷികേതര വായ്പാ സംഘമായി തരംതിരിയ്ക്കേണ്ടതും, പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്ക് നിയമം/ചട്ട പ്രകാരവും, സർക്കാർ ഉത്തരവുകൾ, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഉത്തരവ് തീയതി മുതൽ നിർത്തലാക്കേണ്ടതുമാണ്. ഇപ്രകാരം കാർഷികേതര വായ്പാ സംഘമായി മാറുന്ന സംഘങ്ങൾക്ക് പകരം പുതിയ കാർഷിക വായ്പ നൽകുന്നതിനുള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടി വരുമെന്ന കാര്യം ബന്ധപ്പെട്ട സഹകരണ സംഘങ്ങളെ ഓർമ്മിപ്പിക്കേണ്ടതുമാണ്.

ഇക്കാര്യം താലൂക്ക് തലത്തിൽ കൂടുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ യോഗത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച്, സ്വീകരിച്ച നടപടികൾ 15.3.2007-നകം സഹകരണസംഘം രജിസ്ട്രാർക്ക് അർദ്ധ ഔദ്യോഗിക കത്ത് മുഖേന നൽകിയിരിക്കേണ്ടതുമാണ്.

ഒപ്പ്/-

വി.രഘുനാഥ്,

സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
9. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രം സഹിതം)
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ

'ആജ്ഞാനുസരണം'

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി